REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 17-10-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ഭാഷകൾ നാഗരികതയുടെയും സംസ്കാരത്തിന്റെയും ആത്മാവാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **സംസ്ഥാനത്തെ ITIകളിൽ നിർമ്മിത ബുദ്ധി, റോബോട്ടിക്സ് മേഖലകൾക്ക് ഊന്നൽ നൽകി പുതിയ കോഴ്സുകൾ ആരംഭിക്കുമെന്ന് മന്ത്രി V. ശിവൻകുട്ടി.**
- **അന്തരിച്ച കണ്ണൂർ ADM നവീൻ ബാബുവിന് ജന്മനാടിന്റെ അന്ത്യാഞ്ജലി. സംസ്കാരം വൈകിട്ട് മൂന്നിന് പത്തനംതിട്ട മലയാലപ്പുഴയിലെ വീട്ടുവളപ്പിൽ.**
- **ശബരിമല മേൽശാന്തിയായി എസ്. അരുൺകുമാർ നമ്പൂതിരിയേയും മാളികപ്പുറം മേൽശാന്തിയായി കോഴിക്കോട് ഒളവണ്ണ തിരുമംഗലത്ത് ഇല്ലം വാസുദേവൻ നമ്പൂതിരിയേയും തെരഞ്ഞെടുത്തു.**
- **വടക്കൻ കേരളത്തിൽ ഇന്ന് കനത്ത മഴയ്ക്ക് സാധ്യത. കണ്ണൂരിൽ കടലേറ്റം രൂക്ഷമായി.**
- **ന്യൂസിലൻഡിനെതിരായ ആദ്യ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് ബാറ്റിംഗ് തകർച്ച.**

## വാർത്തകൾ വിശദമായി

ഭാഷകൾ സംഭാഷണ മാധ്യമം മാത്രമല്ല, അത് നാഗരികതയുടെയും സംസ്കാരത്തിന്റെയും ആത്മാവാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ന്യൂഡൽഹിയിൽ അഭിധമ്മ ദിവസ് ആഘോഷങ്ങളിലും പാലിയെ ക്ലാസിക്കൽ ഭാഷയായി അംഗീകരിക്കുന്ന ചടങ്ങിലും സംസാരിക്കുകയായിരുന്നു

പ്രധാനമന്ത്രി. പാലി ഭാഷക്ക് കേന്ദ്ര ഗവൺമെന്റ് ക്ലാസിക്കൽ പദവി നൽകിയത് ഈ വർഷത്തെ അഭിധമ്മ ദിനാചരണത്തെ ചരിത്രമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

സാംസ്കാരിക മന്ത്രാലയവുമായി ചേർന്ന് അന്താരാഷ്ട്ര ബുദ്ധമത കോൺഫെഡറേഷനാണ് അഭിധമ്മ ദിവസ് ആചരിക്കുന്നത്.

നാല് ഭാഷകൾക്കൊപ്പം അടുത്തിടെയാണ് പാലിയെ ക്ലാസിക്കൽ ഭാഷയായി കേന്ദ്രം അംഗീകരിച്ചത്.

✪✪✪

NDA മുഖ്യമന്ത്രിമാരുടെയും, ഉപമുഖ്യമന്ത്രിമാരുടെയും കോൺക്ലേവ് ഇന്ന് ഛണ്ഡീഗഡിൽ നടക്കും. അരദിവസത്തെ കോൺക്ലേവിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷത വഹിക്കും.

ദേശീയ വികസന വിഷയങ്ങളാണ് യോഗത്തിന്റെ അജണ്ട. സംവിധാൻ കാ അമൃത് മഹോത്സവം ആചരിക്കുന്നതിനെക്കുറിച്ചും കോൺക്ലേവ് ചർച്ച ചെയ്യും.

✪✪✪

ജനങ്ങൾക്ക് ശരിയായ വിവരങ്ങളും ഗുണനിലവാരമുള്ള ഉള്ളടക്കവും നൽകുന്നതിന് പ്രക്ഷേപകർക്ക് വലിയ ഉത്തരവാദിത്തമുണ്ടെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ സഹമന്ത്രി ഡോ. എൽ. മുരുകൻ പറഞ്ഞു. ന്യൂഡൽഹിയിൽ ഇന്ത്യ മൊബൈൽ കോൺഗ്രസിൽ, പ്രക്ഷേപണ മേഖലയിലെ ഉയർന്ന് വരുന്ന പ്രവണതകളും സാങ്കേതിക വിദ്യകളും എന്ന വിഷയത്തിൽ സംഘടിപ്പിച്ച സിമ്പോസിയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 234 നഗരങ്ങളിൽ 730 പുതിയ സ്വകാര്യ റേഡിയോ ചാനലുകൾ സ്ഥാപിക്കാൻ കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയതായും എൽ മുരുകൻ പറഞ്ഞു.

വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയ സെക്രട്ടറി സഞ്ജയ് ജാജുവും സംബന്ധിച്ചു.

✪✪✪

CSIR - NIIST സുവർണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ആയുർവേദ ഗവേഷണത്തിലെ മികവിന്റെ കേന്ദ്രത്തിന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് ഇന്ന് തിരുവനന്തപുരത്ത് തറക്കല്ലിടും. ആയുഷ് ഗുണനിലവാര പരിശോധനയ്ക്കും നൂതന ആശയങ്ങൾ നടപ്പാക്കാനും ലക്ഷ്യമിട്ടാണ് മികവിന്റെ കേന്ദ്രം വിഭാവനം ചെയ്തിരിക്കുന്നത്.

പെർഫോമൻസ് കെമിക്കൽസ് ആൻ്റ് സസ്റ്റെയ്നബിൾ പോളിമറുകളിലെ മികവിൻ്റെ കേന്ദ്രത്തിൻ്റെ ഉദ്ഘാടനവും കേന്ദ്രമന്ത്രി നിർവ്വഹിക്കും.

✪✪✪

സംസ്ഥാനത്തെ ITIകളിൽ നിർമ്മിത ബുദ്ധി, റോബോട്ടിക്സ് മേഖലകൾക്ക് ഊന്നൽ നൽകി പുതിയ കോഴ്സുകൾ ആരംഭിക്കുമെന്ന് മന്ത്രി V. ശിവൻകുട്ടി പറഞ്ഞു. ITI കൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനാണ് ഗവർമെൻറ് ശ്രമിക്കുന്നതെന്നും മന്ത്രി അറിയിച്ചു. കണ്ണൂർ തോട്ടട ഗവ. ITI യിലെ പുതിയ കെട്ടിട സമുച്ചയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനായിരുന്നു.

✪✪✪

അന്തരിച്ച കണ്ണൂർ ADM നവീൻ ബാബുവിൻ്റെ സംസ്കാരം വൈകിട്ട് മൂന്നിന് പത്തനംതിട്ട മലയാലപ്പുഴയിലെ പത്തിശേരി കാരുവേലിൽ വീട്ടുവളപ്പിൽ നടക്കും. പത്തനംതിട്ട കളക്ടറേറ്റിൽ പൊതുദർശനത്തിന് വെച്ച ഭൗതിക ശരീരത്തിൽ മന്ത്രിമാരായ വീണാ ജോർജ്, K രാജൻ, MPമാർ,MLAമാർ വിഴിഞ്ഞം രാജ്യാന്തര തുറമുഖ കമ്പനി ഡയറക്ടർ ദിവ്യ S. അയ്യർ, ഒപ്പം ജോലി ചെയ്തവർ, സുഹൃത്തുക്കൾ എന്നിവർ ഉൾപ്പെടെ രാഷ്ട്രീയ സാമൂഹിക രംഗത്തെ നിരവധി പേർ അന്തിമോപചാരം അർപ്പിച്ചു.

തുടർന്ന് മൃതദേഹം വിലാപയാത്രയായി നവീൻ ബാബുവിൻ്റെ ജന്മ നാടായ മലയാലപ്പുഴയിൽ എത്തിച്ചു.

ചൊവ്വാഴ്ച കണ്ണൂരിലെ ക്വാർട്ടേഴ്സിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയ നവീൻ ബാബുവിൻ്റെ മൃതദേഹം പോസ്റ്റ് മോർട്ടം നടപടികൾക്ക് ശേഷം ബന്ധുക്കൾ ഏറ്റുവാങ്ങി ഇന്നലെ വൈകിട്ടാണ് സ്വദേശമായ പത്തനംതിട്ടയിലെത്തിച്ചത്.

കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ് PP ദിവ്യ അഴിമതി ആരോപണം ഉന്നയിച്ചതിന് ശേഷമാണ് ADM നവീൻ ബാബുവിനെ താമസ സ്ഥലത്ത് മരിച്ച നിലയിൽ കണ്ടെത്തിയത്.

✪✪✪

അതിനിടെ, നവീൻ ബാബുവിൻ്റെ മരണവുമായി ബന്ധപ്പെട്ട് പോലീസ് അന്വേഷണം ആരംഭിച്ചു. നവീൻ ബാബുവിൻ്റെ സഹോദരൻ കെ. പ്രവീൺബാബു നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ടൗൺ ഇൻസ്പെക്ടർ ശ്രീജിത്ത് കൊടേരിയുടെ നേതൃത്വത്തിൽ സംഘമാണ് അന്വേഷണം നടത്തുന്നത്.

✪✪✪

നവീൻ ബാബുവിനെതിരായ പരാമർശം കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് PP ദിവ്യ ഒഴിവാക്കേണ്ടതായിരുന്നുവെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ അഭിപ്രായപ്പെട്ടു. ദിവ്യക്കെതിരെ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം കണ്ണൂരിൽ പറഞ്ഞു. ജില്ലാ കമ്മിറ്റിയും സംസ്ഥാന ഗവൺമെന്റും സംഭവം വിശദമായി പരിശോധിക്കട്ടെയെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

വയനാട് ലോകസഭാ ഉപതിരഞ്ഞെടുപ്പിൽ LDF സ്ഥാനാർത്ഥിയെ CPI ഇന്ന് തീരുമാനിച്ചേക്കും. ഇതിനായി CPI സംസ്ഥാന എക്സിക്യൂട്ടീവ് യോഗം തിരുവനന്തപുരത്ത് ആരംഭിച്ചു. ഉച്ച കഴിഞ്ഞ് സംസ്ഥാന കൗൺസിൽ യോഗവും ചേരും. വയനാട്, പാലക്കാട്, ചേലക്കര, ഉപതിരഞ്ഞെടുപ്പുകൾ ആണ് യോഗങ്ങളുടെ പ്രധാന അജണ്ട.

✪✪✪

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ UDF സ്ഥാനാർത്ഥിക്കെതിരെ രംഗത്തുവന്ന കോൺഗ്രസ് ഡിജിറ്റൽ മീഡിയ കൺവീനർ ഡോ. P. സരിൻ പാർട്ടിയിൽ നിന്ന് പോകരുതെന്നാണ് ആഗ്രഹമെന്ന് KPCC പ്രസിഡന്റ് K.സുധാകരൻ പറഞ്ഞു. വാർത്താസമ്മേളനത്തിൽ പാർട്ടിക്കെതിരെ അച്ചടക്കലംഘനം നടത്തിയിട്ടുണ്ടെങ്കിൽ നടപടിയെടുക്കുമെന്നും പാർട്ടി വിടാൻ തീരുമാനിച്ചയാൾക്കെതിരെ നടപടിയെടുത്തിട്ട് കാര്യമില്ലെന്നും സുധാകരൻ തൃശൂരിൽ പറഞ്ഞു.

സരിനെ സ്ഥാനാർത്ഥിയാക്കാൻ നീക്കം CPIM നടത്തുന്ന നീക്കം ഗതികേടാണ് . ഇന്നലെ വരെ CPIM നെ കൊത്തിവലിച്ച നാവാണ് സരിന്റേതെന്നും അതെടുത്ത് വായിൽ വെക്കുന്നത് ആ പാർട്ടിയുടെ ഗതികേടാണെന്നും KPCC അധ്യക്ഷൻ പറഞ്ഞു. ചേലക്കരയിൽ എൻകെ സുധീർ മത്സരിക്കുന്നത് വിഷയമല്ലെന്നും സുധാകരൻ പറഞ്ഞു.

✪✪✪

ശബരിമല മേൽശാന്തിയായി കൊല്ലം ശക്തികുളങ്ങര നാരായണീയം തോട്ടത്തിൽമഠം എസ്. അരുൺകുമാർ നമ്പൂതിരിയേയും മാളികപ്പുറം

മേൽശാന്തിയായി കോഴിക്കോട് ഒളവണ്ണ തിരുമംഗലത്ത് ഇല്ലം വാസുദേവൻ നമ്പൂതിരിയേയും തെരഞ്ഞെടുത്തു.

വിശദാംശങ്ങളുമായി ആകശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി ശ്രീധരൻ

....വോയ്സ്...

✪✪✪

വടക്കൻ കേരളത്തിൽ ഇന്ന് ശക്തമായ മഴ ലഭിക്കുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. തൃശ്ശൂർ മുതൽ കാസർകോട് വരെ ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകി. തിങ്കളാഴ്ച വരെ മഴ തുടരും.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

കേരളാ തീരത്ത് ഇന്ന് വൈകിട്ട് അഞ്ചര വരെ കള്ളക്കടൽ പ്രതിഭാസത്തിനു സാധ്യതയുണ്ടെന്ന് സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രവും മുന്നറിയിപ്പ് നൽകി. കടൽക്ഷോഭം രൂക്ഷമാകാനും സാധ്യതയുണ്ട്.

✪✪✪

കണ്ണൂർ ജില്ലയിലെ തീരമേഖലയിൽ കടലേറ്റം ഇന്നും രൂക്ഷം. രാവിലെ മുതൽ കടൽക്ഷോഭം ശക്തമാണ്. മുഴപ്പിലങ്ങാട്, എടക്കാട്, പഴയങ്ങാടി, ചൂട്ടാട് എന്നിവിടങ്ങളിൽ കള്ളക്കടൽ പ്രതിഭാസം ഉണ്ടായി. മുഴപ്പിലങ്ങാട് മീൻ വലകൾ നശിച്ചതായി മത്സ്യബന്ധന തൊഴിലാളികൾ പറഞ്ഞു. ബോട്ടുകൾ ഉൾപ്പെടെയുള്ളവ സുരക്ഷിതസ്ഥാനത്തേക്ക് മാറ്റിയിരുന്നു ചൂട്ടാട് കടൽക്ഷോഭത്തെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറിയ 15 കുടുംബങ്ങൾ വീടുകളിലേക്ക് മടങ്ങി.

✪✪✪

കള്ളക്കടൽ പ്രതിഭാസത്തെത്തുടർന്ന് തിരുവനന്തപുരം പൂന്തുറയിൽ കടലാക്രമണം ശക്തം. ഒരു വീട് പൂർണമായും തകർന്നു. 25 ഓളം വീടുകൾക്ക് നാശനഷ്ടം സംഭവിച്ചു. പ്രദേശത്തെ 50 ഓളം കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു. ഇന്നലെ പുലർച്ചയോടെ ആരംഭിച്ച കടലാക്രമണം രാത്രിയിലും ശക്തമായിരുന്നു. തീരത്ത് ഇന്നും കടലാക്രമണ മുന്നറിയിപ്പുണ്ട്.

✪✪✪

ന്യൂസിലൻഡിനെതിരായ ആദ്യ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് ബാറ്റിംഗ് തകർച്ച.

ബംഗ്ലൂരുവിൽ ചിന്നസ്വാമി സ്റ്റേഡിയത്തിൽ 34 റൺസ് എടുക്കുന്നതിനിടെ ഇന്ത്യക്ക് ആറ് വിക്കറ്റ് നഷ്ടമായി. വിരാട് കോഹ്ലി, സർഫറാസ് ഖാൻ, K L രാഹുൽ, രവീന്ദ്ര ജഡേജ എന്നിവർ റണ്ണൊന്നും എടുക്കാതെയാണ് പുറത്തായത്. ആദ്യമായാണ് ഹോം ടെസ്റ്റിൽ ആദ്യ ഏഴ് ബാറ്റ്സ്മാൻമാരിൽ നാല് പേർ റണ്ണൊന്നുമെടുക്കാതെ പുറത്താവുന്നത്.

ലഞ്ചിന് പിരിയുമ്പോൾ ഇന്ത്യ 6 വിക്കറ്റ് നഷ്ടത്തിൽ 34റൺസ് എടുത്തിട്ടുണ്ട്.

രണ്ടാം ദിനമായ ഇന്ന് ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. ഇന്നലെ ആദ്യദിന മത്സരം മഴ മൂലം ടോസിടാനാവാതെ ഉപേക്ഷിച്ചിരുന്നു.

✪✪✪

SAFF വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഇന്ന് നേപ്പാളിലെ കാഠ്മണ്ഡുവിൽ ആരംഭിക്കും. ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ ചിരവൈരികളായ പാകിസ്ഥാനെ നേരിടും. ഇന്ത്യൻ സമയം വൈകിട്ട് 5:15 നാണ് മത്സരം.

നിലവിൽ ചാമ്പ്യന്മാരായ ബംഗ്ലാദേശിനൊപ്പം ഇന്ത്യയും പാകിസ്ഥാനും ഗ്രൂപ്പ് എയിലാണ് മത്സരിക്കുന്നത്. ഗ്രൂപ്പ് ബിയിൽ ആതിഥേയരായ നേപ്പാൾ, ഭൂട്ടാൻ, മാലദ്വീപ്, ശ്രീലങ്ക എന്നിവ ഉൾപ്പെടുന്നു.

ഈ മാസം 30 നാണ് ഫൈനൽ.

✪✪✪

ന്യൂഡൽഹിയിൽ ISSF ഷൂട്ടിംഗ് ലോകകപ്പ് ഫൈനലിൽ വനിതാ സ്കീറ്റ് മത്സരത്തിൽ ഇന്ത്യയുടെ ഗനേമത് സെഖോൺ ആറാം സ്ഥാനത്തെത്തി.

പുരുഷന്മാരുടെ സ്കീറ്റ് ഫൈനലിൽ അനന്ത്ജീത് സിംഗും മൈരാജ് ഖാനും ഇന്ത്യയ്ക്കായി മത്സരിക്കുകയാണ്. വിവാൻ കപൂർ പുരുഷന്മാരുടെ ട്രാപ്പ് ഫൈനലിൽ പ്രവേശിച്ചു. ഉച്ച കഴഞ്ഞ് രണ്ടിന് മത്സരം ആരംഭിക്കും.

✪✪✪